**മധുരമായ കുട്ടികളേ– ബാബ വന്നിരിക്കുകയാണ് നിങ്ങൾക്ക് ജ്ഞാനം നൽകുന്നതിനായി, ബാബ നിങ്ങളെ എന്തെല്ലാം കേൾപ്പിക്കുന്നുവോ അഥവാ മനസ്സിലാക്കിത്തരുന്നുവോ അതെല്ലാം ജ്ഞാനമാണ്. ജ്ഞാനസാഗരനല്ലാതെ മറ്റാർക്കും ജ്ഞാനരത്നങ്ങൾ നൽകാൻ സാധിക്കില്ല.**

**ചോദ്യം–** ആത്മാവിന്റെ മൂല്യം കുറയുന്നതിനുള്ള മുഖ്യമായ കാരണം എന്താണ്?
**ഉത്തരം–** മൂല്യം കുറയുന്നത് കറ പറ്റുന്നതിനാലാണ്. എങ്ങനെയാണോ സ്വർണ്ണത്തിൽ ചെമ്പ് ചേർത്ത് ആഭരണം നിർമ്മിക്കുമ്പോൾ അതിന്റെ മൂല്യം കുറയുന്നത്. അതുപോലെ സത്യമായ സ്വർണ്ണമാകുന്ന ആത്മാവിൽ അപവിത്രതയുടെ കറ പറ്റുന്നു അതിനാൽ മൂല്യം കുറയുന്നു. ഈ സമയത്ത് തമോപ്രധാനമായ ആത്മാവിന് ഒരു മൂല്യവുമില്ല. ശരീരത്തിനും ഒരു വിലയുമില്ല. ഇപ്പോൾ നിങ്ങളുടെ ആത്മാവും ശരീരവും ഓർമ്മയിലൂടെ വിലയുള്ളതായി മാറുകയാണ്.

ഗീതം– ഇന്ന് അതിരാവിലെ ആരാണ് വന്നത്........

**ഓം ശാന്തി**. മധുര മധുരമായ ആത്മീയ കുട്ടികൾക്ക് അച്ഛൻ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ് മാത്രമല്ല ഓർമ്മിക്കുന്നതിനുള്ള യുക്തികളും പറഞ്ഞുതരുന്നു. കുട്ടികൾ ഇരിക്കുന്നുണ്ട്, നിഷ്കളങ്കനായ ശിവബാബ വന്നിരിക്കുന്നു എന്നത് കുട്ടികളുടെയുള്ളിലുണ്ട്. അര മണിക്കൂർ ശാന്തമായിരിക്കുകയാണെന്ന് കരുതൂ, ഒന്നും പറയുന്നില്ല എങ്കിൽ നിങ്ങളുടെയുള്ളിൽ ആത്മാവ് പറയും ശിവബാബാ എന്തെങ്കിലും പറയൂ. ശിവബാബ ഇരിക്കുന്നുണ്ടെന്ന് അറിയാം പക്ഷേ ഒന്നും സംസാരിക്കുന്നില്ല. ഇതും നിങ്ങളുടെ ഓർമ്മയുടെ യാത്രയല്ലേ. ബുദ്ധിയിൽ ശിവബാബയെയാണ് ഓർമ്മയുള്ളത്. ബാബാ എന്തെങ്കിലും പറയൂ, ജ്ഞാന രത്നങ്ങൾ നൽകൂ എന്ന് ഉള്ളിൽ മനസ്സിലാക്കും. ബാബ വരുന്നതു തന്നെ ജ്ഞാനരത്നങ്ങൾ നൽകാനാണ്. ബാബ ജ്ഞാനസാഗരനല്ലേ. പറയും– കുട്ടികളേ, ദേഹീ അഭിമാനിയായിരിക്കൂ. ബാബയെ ഓർമ്മിക്കൂ. ഇത് ജ്ഞാനമാണ്. ബാബ പറയുന്നു ഈ ഡ്രാമയുടെ ചക്രത്തെ, ഏണിപ്പടിയെ പിന്നെ ബാബയേയും ഓർമ്മിക്കൂ– ഇത് ജ്ഞാനമാണ്. ബാബ എന്തെല്ലാം മനസ്സിലാക്കിത്തരുന്നുവോ അതിനെയെല്ലാം ജ്ഞാനം എന്നാണ് പറയുക. ഓർമ്മയുടെ യാത്രയെക്കുറിച്ചും മനസ്സിലാക്കിത്തരുന്നു. ഇതെല്ലാം ജ്ഞാനരത്നങ്ങളാണ്. ഓർമ്മയെക്കുറിച്ച് എന്തെല്ലാം മനസ്സിലാക്കിത്തരുന്നുവോ ഈ രത്നം വളരെ നല്ലതാണ്. ബാബ പറയുന്നു തന്റെ 84 ജന്മങ്ങളെ ഓർമ്മിക്കൂ. നിങ്ങൾ പവിത്രമായാണ് വന്നത് പിന്നീട് പവിത്രമായിത്തന്നെ പോകണം. കർമ്മാതീത അവസ്ഥയിലേക്ക് എത്തണം മാത്രമല്ല ബാബയിൽ നിന്നും പൂർണ്ണസമ്പത്തും നേടണം. എപ്പോൾ ആത്മാവ് ഓർമ്മയുടെ ബലത്തിലൂടെ സതോപ്രധാനമായി മാറുന്നുവോ അപ്പോഴേ സമ്പത്ത് ലഭിക്കുകയുള്ളു. ഈ വാക്കുകൾ വളരെ വിലപ്പെട്ടതാണ്, കുറിച്ചുവെക്കണം. ആത്മാവിൽ തന്നെയാണ് ധാരണയുണ്ടാകുന്നത്. ഈ ശരീരം കർമ്മേന്ദ്രിയങ്ങളാണ് ഇവ വിനാശമാകുന്നതാണ്. നല്ലതോ മോശമായതോ ആയ സംസ്ക്കാരം ആത്മാവിലാണ് നിറയുന്നത്. ബാബയിലും സംസ്ക്കാരം നിറഞ്ഞിട്ടുണ്ട്– സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനത്തിന്റെ, അതിനാലാണ് ബാബയെ നോളേജ്ഫുൾ എന്നു പറയുന്നത്. ബാബ ശരിയായി പറഞ്ഞുതരുന്നു– 84 ന്റെ ചക്രം വളരെ സഹജമാണ്. ഇപ്പോൾ 84 ന്റെ ചക്രം പൂർത്തിയായിരിക്കുന്നു. ഇപ്പോൾ നമുക്ക് തിരിച്ച് ബാബയുടെ അടുത്തേക്ക് പോകണം. അഴുക്കു നിറഞ്ഞ ആത്മാവിന് അവിടേക്ക് പോകാൻ കഴിയില്ല. നിങ്ങളുടെ ആത്മാവ് പവിത്രമായി മാറിയാൽ പിന്നെ നിങ്ങളുടെ ശരീരം ഉപേക്ഷിക്കും. പവിത്രമായ ശരീരം ഇവിടെ ലഭിക്കുകയില്ല. ഇത് പഴയ ചെരുപ്പാണ്, ഇതിനോട് വൈരാഗ്യം ഉണ്ടാകണം. ആത്മാവിന് പവിത്രമായി മാറി പിന്നീട് നമുക്ക് പവിത്രമായ ശരീരം എടുക്കണം. സത്യയുഗത്തിൽ നമ്മൾ ആത്മാക്കളും ശരീരവും രണ്ടും പവിത്രമായിരുന്നു. ഈ സമയത്ത് നിങ്ങളുടെ ആത്മാവ് അപവിത്രമായി മാറി അതിനാൽ ശരീരവും അപവിത്രമായി മാറി. എങ്ങനെയാണോ സ്വർണ്ണം അതുപോലെയാണ് ആഭരണം. ഗവൺമെന്റും പറയുന്നു ഭാരമില്ലാത്ത സ്വർണ്ണത്തിന്റെ ആഭരണം അണിയൂ. അതിന്റെ വില കുറവാണ്. ഇപ്പോൾ നിങ്ങളുടെ ആത്മാവിന്റേയും വില കുറവാണ്. അവിടെ നിങ്ങളുടെ ആത്മാവിന് എത്ര മൂല്യം ഉണ്ടായിരുന്നു. സതോപ്രധാനമാണല്ലോ. ഇപ്പോഴാണെങ്കിൽ തമോപ്രധാനമാണ്. കറപറ്റിയിരിക്കുന്നു, ഒരു ഉപകാരവുമില്ല. അവിടെ ആത്മാവ് പവിത്രമാണ്, അതിനാൽ വളരെ അധികം മൂല്യമുണ്ട്. ഇപ്പോൾ 9 കാരറ്റായി അതിനാൽ ഒരു മൂല്യവുമില്ല അതിനാൽ ബാബ പറയുന്നു ആത്മാവിനെ പാവനമാക്കി മാറ്റൂ എങ്കിൽ ശരീരവും പവിത്രമായത് ലഭിക്കും. ഈ ജ്ഞാനം മറ്റാർക്കും നൽകാൻ കഴിയില്ല.

ബാബ തന്നെയാണ് പറയുന്നത് എന്നെ മാത്രം ഓർമ്മിക്കൂ. കൃഷ്ണന് എങ്ങനെ പറയാൻ പറ്റും. അവർ ദേഹധാരിയല്ലേ. ബാബ പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനായ എന്നെ ഓർമ്മിക്കൂ. ഒരു ദേഹധാരിയേയും ഓർമ്മിക്കരുത്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ടെങ്കിൽ പിന്നീട് മനസ്സിലാക്കിക്കൊടുക്കണം. ശിവബാബ നിരാകാരനാണ്, ബാബയുടേത് അലൗകിക ജന്മമാണ്. നിങ്ങൾ കുട്ടികൾക്കും അലൗകിക ജന്മം നൽകുന്നു. അലൗകിക അച്ഛനും അലൗകിക കുട്ടികളും. ലൗകികം, അലൗകികം പിന്നെ പാരലൗകികം എന്ന് പറയാറുണ്ട്. നിങ്ങൾ കുട്ടികൾക്ക് അലൗകിക ജന്മം ലഭിച്ചിരിക്കുന്നു. ബാബ നിങ്ങളെ ദത്തെടുത്ത് സമ്പത്ത് നൽകുകയാണ്. നിങ്ങൾക്ക് അറിയാം നമ്മൾ ബ്രാഹ്മണരുടേത് അലൗകിക ജന്മമാണ്. അലൗകിക പിതാവിൽ നിന്നും അലൗകിക സമ്പത്ത് ലഭിക്കുന്നു. ബ്രഹ്മാകുമാരൻ – കുമാരിമാർക്കല്ലാതെ മറ്റാർക്കും സ്വർഗ്ഗത്തിന്റെ അധികാരിയാവാൻ സാധിക്കില്ല. മനുഷ്യൻ ഒന്നും മനസ്സിലാക്കുന്നില്ല. നിങ്ങൾക്ക് ബാബ എത്ര മനസ്സിലാക്കിത്തരുന്നു. അപവിത്രമായ ആത്മാവിന് ഓർമ്മയില്ലാതെ പവിത്രമാകാൻ സാധിക്കില്ല. ഓർമ്മയിൽ ഇരിക്കുന്നില്ലെങ്കിൽ കറ നിലനിൽക്കും. പവിത്രമാകാൻ സാധിക്കില്ല പിന്നെ ശിക്ഷകൾ അനുഭവിക്കേണ്ടതായി വരും. ലോകത്തിലെ മുഴുവൻ ആത്മാക്കൾക്കും പവിത്രമായി മാറി തിരിച്ചുപോകണം. ശരീരം പോവുകയില്ല. ബാബ പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കാൻ എത്ര ബുദ്ധിമുട്ടു തോന്നുന്നു. ജോലി ചെയ്യുമ്പോൾ ആ അവസ്ഥ നിലനിൽക്കുന്നുണ്ടോ. ബാബ പറയുന്നു ശരി സ്വയം ആത്മാവാണെന്ന് മനസ്സിലാക്കിയില്ലെങ്കിലും ശിവബാബയെ ഓർമ്മിക്കൂ. ജോലികൾ ചെയ്തുകൊണ്ടും ഇതിലാണ് പരിശ്രമം. ഈ ശരീരത്തിലൂടെ ജോലി ചെയ്യുകയാണ്. ഞാൻ ആത്മാവു തന്നെയാണ് ശിവബാബയെ ഓർമ്മിക്കുന്നത്. ആത്മാവ് തന്നെയാണ് ആദ്യമാദ്യം പവിത്രമായിരുന്നത്, ഇപ്പോൾ വീണ്ടും പവിത്രമാകണം. ഇതാണ് പരിശ്രമം. ഇതിൽ വളരെ വലിയ സമ്പാദ്യമുണ്ട്. ഇവിടെ എത്ര വലിയ ധനികനുമാവട്ടെ പക്ഷേ ആ സുഖമില്ല. എല്ലാവരുടേയും തലയിൽ ദുഃഖമാണ്. ഇന്ന് വലിയ വലിയ രാജാക്കന്മാരും പ്രസിഡന്റുമാരും ഉണ്ട്, നാളെ അവരെയും കൊലപ്പെടുത്തുന്നു. വിദേശത്ത് എന്തെല്ലാമാണ് സംഭവിക്കുന്നത്. ധനികർക്കും, രാജാക്കന്മാർക്കുമാണ് അപകടം. ഇവിടെ ആരാണോ രാജാവായിരുന്നത് അവർ പ്രജയായി മാറി. രാജാക്കന്മാരുടെ മേൽ പ്രജകളുടെ രാജ്യമാണിപ്പോൾ. ഡ്രാമയിൽ ഇങ്ങനെയുണ്ട്. അവസാനമാണ് ഈ അവസ്ഥയുണ്ടാകുന്നത്. പരസ്പരം വളരെ അധികം അടിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾക്ക് അറിയാം കൽപം മുമ്പും ഇങ്ങനെ സംഭവിച്ചിരുന്നു. നിങ്ങൾ ഗുപ്ത വേഷത്തിൽ ഹൃദയം കൊണ്ട് ജീവൻ കൊണ്ട്, അഥവാ സ്നേഹം കൊണ്ട് പ്രേമം കൊണ്ട് തന്റെ നഷ്ടപ്പെട്ട രാജ്യം നേടുകയാണ്. നിങ്ങൾക്ക് പരിചയം ലഭിച്ചു– ഞങ്ങൾ അധികാരികളായിരുന്നു, സൂര്യവംശി ദേവതകളായിരുന്നു. ഇപ്പോൾ വീണ്ടും അതായി മാറുന്നതിനായി പുരുഷാർത്ഥം ചെയ്തു കൊണ്ടിരിക്കുകയാണ് എന്തുകൊണ്ടെന്നാൽ നിങ്ങൾ ഇവിടെ സത്യനാരായണന്റെ കഥ കേൾക്കുകയല്ലേ. ബാബയിലൂടെ നമ്മൾ എങ്ങനെയാണ് നരനിൽ നിന്നും നാരായണനായി മാറുന്നത്? ബാബ വന്ന് രാജയോഗം പഠിപ്പിക്കുന്നു. ഭക്തിമാർഗ്ഗത്തിൽ ആർക്കും ഇത് പഠിപ്പിക്കാൻ സാധിക്കില്ല. ഒരു മനുഷ്യനേയും അച്ഛൻ, ടീച്ചർ, സദ്ഗുരു എന്നു പറയില്ല. ഭക്തിയിൽ എത്ര പഴയ കഥകൾ ഇരുന്ന് കേൾപ്പിക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് 21 ജന്മങ്ങളിലേക്ക് വിശ്രമം പ്രാപ്തമാക്കുന്നതിന് തീർച്ചയായും പാവനമായി മാറേണ്ടിവരും.

ബാബ പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. അരകല്പം ഡ്രാമാനുസരണം ദേഹാഭിമാനത്തിലായിരുന്നു, ഇപ്പോൾ ദേഹീ അഭിമാനിയായി മാറണം. ഡ്രാമ അനുസരിച്ച് ഇപ്പോൾ പഴയ ലോകം മാറി പുതിയതായവണം. ലോകം ഒന്നേയുള്ളു. പഴയ ലോകത്തിൽ നിന്നും വീണ്ടും പുതിയതാവും. പുതിയ ലോകത്തിൽ പുതിയ ഭാരതമുണ്ടായിരുന്നു അതിൽ ദേവീ ദേവതകളായിരുന്നു, തലസ്ഥാനവും അറിയാം, യമുനയുടെ തീരത്തായിരുന്നു, ഇതിനെയാണ് മാലാഖമാരുടെ ദേശം എന്നും പറഞ്ഞത്. അവിടെ പ്രകൃതിദത്തമായ സൗന്ദര്യമായിരിക്കും. ആത്മാവ് പവിത്രമായി മാറിയാൽ പവിത്ര ആത്മാവിന് ശരീരവും പവിത്രമായത് ലഭിക്കും. ബാബ പറയുന്നു ഞാൻ വന്ന് നിങ്ങളെ സുന്ദരമായ ദേവീ ദേവതയാക്കി മാറ്റുന്നു. നിങ്ങൾ കുട്ടികൾ തന്റെ പരിശോധന നടത്തൂ, എന്റെയുള്ളിൽ ഒരു അവഗുണവും ഇല്ലല്ലോ? ഓർമ്മയിൽ ഇരിക്കുന്നുണ്ടോ? പഠിപ്പും പഠിക്കണം. ഇത് വളരെ വലിയ പഠിപ്പാണ്. ഒരേയൊരു പഠിപ്പേയുള്ളു, ആ പഠിപ്പിലാണെങ്കിൽ എത്ര പുസ്തകങ്ങൾ പഠിക്കുന്നു. ഈ പഠിപ്പ് ഉയർന്നതിലും ഉയർന്നതാണ്, പഠിപ്പിക്കുന്നയാൾ ഉയർന്നതിലും ഉയർന്ന ശിവബാബയാണ്. ശിവബാബ ഈ ലോകത്തിന്റെ അധികാരിയാണ് എന്നല്ല. നിങ്ങളാണ് വിശ്വത്തിന്റെ അധികാരിയായി മാറുന്നത്. എത്ര പുതിയ പുതിയ ഗുഹ്യമായ കാര്യങ്ങൾ നിങ്ങളെ കേൾപ്പിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യർ കരുതുന്നത് പരമാത്മാവാണ് സൃഷ്ടിയുടെ അധികാരി എന്നാണ്. ബാബ മനസ്സിലാക്കിത്തരുന്നു– മധുര മധുരമായ കുട്ടികളേ– ഞാൻ ഈ സൃഷ്ടിയുടെ അധികാരിയല്ല. നിങ്ങളാണ് അധികാരിയായി മാറുന്നത് പിന്നീട് അത് നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. പിന്നീട് ബാബ വന്ന് വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു. വിശ്വം എന്ന് ഇതിനെത്തന്നെയാണ് പറയുന്നത്. മൂലവതനം അല്ലെങ്കിൽ സൂക്ഷ്മവതനത്തിന്റെ കാര്യമല്ല. മൂലവതനത്തിൽ നിന്നും നിങ്ങൾ ഇവിടെ വന്ന്

84 ജന്മങ്ങളുടെ ചക്രം കറങ്ങുന്നു. വീണ്ടും ബാബക്ക് വരേണ്ടി വരുന്നു. നിങ്ങൾ നഷ്ടപ്പെടുത്തിയ അതേ പ്രാലബ്ധം നേടുന്നതിനായി ഇപ്പോൾ നിങ്ങളെ വീണ്ടും പുരുഷാർത്ഥം ചെയ്യിക്കുന്നു. വിജയത്തിന്റേയും തോൽവിയുടേയും കളിയല്ലേ. ഈ രാവണ രാജ്യം അവസാനിക്കണം. ബാബ എത്ര സഹജമായ രീതിയിലാണ് മനസ്സിലാക്കിത്തരുന്നത്. ബാബ സ്വയം ഇരുന്ന് പഠിപ്പിക്കുകയാണ്. അവിടെയാണെങ്കിൽ മനുഷ്യനാണ് മനുഷ്യരെ പഠിപ്പിക്കുന്നത്. നിങ്ങളും മനുഷ്യരാണ് പക്ഷേ ബാബ നിങ്ങൾ ആത്മാക്കളെയാണ് ഇരുന്ന് പഠിപ്പിക്കുന്നത്. പഠിപ്പിന്റെ സംസ്ക്കാരം ആത്മാവിൽത്തന്നെയാണ് ഉള്ളത്. ഇപ്പോൾ നിങ്ങൾ വളരെ നോളേജ്ഫുള്ളാണ്, ബാക്കിയുള്ളതെല്ലാം ഭക്തിയിലെ നോളേജാണ്. സമ്പാദിക്കാനും നോളേജ് ആവശ്യമാണ്. ശാസ്ത്രങ്ങളിലുള്ളതും നോളേജാണ്. ഇത് ആത്മീയ നോളേജാണ്. നിങ്ങളുടെ ആത്മാവിന് ആത്മീയ അച്ഛൻ ഇരുന്ന് നോളേജ് കേൾപ്പിക്കുകയാണ്. 5000 വർഷം മുമ്പും നിങ്ങൾ കേട്ടിരുന്നു. മുഴുവൻ മനുഷ്യസൃഷ്ടിയിലും ഇങ്ങനെ ഒരിക്കലും ആരും പഠിപ്പിച്ചിട്ടുണ്ടാകില്ല. ഈശ്വരൻ എങ്ങനെയാണ് പഠിപ്പിക്കുന്നത് എന്നത് ആർക്കും അറിയില്ല.

നിങ്ങൾ കുട്ടികൾക്ക് അറിയാം ഇപ്പോൾ ഈ പഠിപ്പിലൂടെ രാജധാനി സ്ഥാപിക്കുകയാണ്. ആരാണോ നല്ല രീതിയിൽ പഠിക്കുകയും ശ്രീമതം അനുസരിച്ച് നടക്കുകയും ചെയ്യുന്നത് അവർ ഉയർന്ന പദവിയിലെത്തും പിന്നെ ആരാണോ ബാബയെ നിന്ദിക്കുന്നത്, കൈവിട്ട് പോകുന്നത് അവർ പ്രജയിൽ വളരെ കുറഞ്ഞ പദവി നേടും. ബാബ ഒരേ പഠിപ്പാണ് പഠിപ്പിക്കുന്നത്. പഠിപ്പിൽ എത്ര സാധ്യതയുണ്ട്. ദൈവീക രാജധാനിയായിരുന്നില്ലേ. ഒരേയൊരു ബാബ തന്നെയാണ് ഇവിടെ വന്ന് സാമ്രാജ്യം സ്ഥാപിക്കുന്നത്. ബാക്കി ഇതെല്ലാം വിനാശമാകാനുള്ളതാണ്. ബാബ പറയുന്നു– കുട്ടികളേ, ഇപ്പോൾ പെട്ടെന്ന് തയ്യാറാകൂ. തെറ്റുകൾ ചെയ്ത് സമയം വ്യർത്ഥമാക്കരുത്. ഓർമ്മിക്കുന്നില്ലെങ്കിൽ വളരെ വിലപ്പെട്ട സമയം വ്യർത്ഥമാകും. ശരീരനിർവ്വഹണാർത്ഥം തീർച്ചയായും ജോലി ചെയ്യണം എങ്കിലും കൈകൾ ജോലി ചെയ്യുമ്പോഴും ഹൃദയം ഓർമ്മിക്കണം. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങൾക്ക് രാജധാനി ലഭിക്കും. ഭഗവാൻ സുഹൃത്താകുന്ന കഥയും നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. അലാവുദ്ദീൻന്റെ നാടകവും കാണിക്കുന്നു. ഉരസുമ്പോൾ ഖജനാവ് തുറന്നു വന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം– അല്ലാഹു നിങ്ങളെ സ്പർശിച്ചപ്പോൾ നിങ്ങൾ എന്തിൽ നിന്നും എന്തായി മാറി. സെക്കന്റിൽ ദിവ്യ ദൃഷ്ടിയിലൂടെ വൈകുണ്ഠത്തിലേയ്ക്ക് പോകുന്നു. മുമ്പ് പെൺകുട്ടികൾ ഒരുമിച്ച് ഇരിക്കുമായിരുന്നു, പിന്നീട് തനിയെ ധ്യാനത്തിലേക്ക് പോകുമായിരുന്നു. പിന്നെ മാജിക്കാണെന്ന് പറഞ്ഞു. അതിനാൽ അത് നിർത്തിവെച്ചു. അതിനാൽ ഈ മുഴുവൻ കാര്യങ്ങളും ഈ സമയത്തേതാണ്. ഹതീംതായിയുടേയും കഥയുണ്ടല്ലോ. നാണയം വായിൽ ഇട്ടാൽ മായ മറഞ്ഞുപോകുമായിരുന്നു. നാണയം പുറത്തെടുത്താൽ മായ വരും. രഹസ്യം ആർക്കും മനസ്സിലാക്കാൻ സാധിച്ചില്ല. ബാബ പറയുന്നു കുട്ടികളേ വായിൽ നാണയം ഇടൂ. നിങ്ങൾ ശാന്തിയുടെ സാഗരമാണ്, ആത്മാവ് ശാന്തമായി സ്വധർമ്മത്തിൽ ഇരിക്കുന്നു. സത്യയുഗത്തിലും നമ്മൾ ആത്മാവാണ് എന്നത് അറിയും. ബാക്കി പരമാത്മാവായ അച്ഛനെ ആരും അറിയുന്നില്ല. അവിടെ വികാരത്തിന്റെ പേരു പോലും ഉണ്ടായിരുന്നില്ലേ പറയൂ എന്ന് എപ്പോഴെങ്കിലും ആരെങ്കിലും ചോദിച്ചാൽ പറയൂ അത് നിർവ്വികാരീ ലോകമാണ്. 5 വികാരങ്ങൾ അവിടെ ഉണ്ടാവുകയേയില്ല. ദേഹാഭിമാനമേയില്ല. മായയുടെ രാജ്യത്തിൽ ദേഹാഭിമാനിയായി മാറുന്നു, എന്നാൽ അവിടെ മോഹജീത്ത് ആയിരിക്കും. ഈ പഴയ ലോകത്തിൽ നഷ്ടോമോഹയാവണം. ആരാണോ വീട് ഉപേക്ഷിക്കുന്നത് അവർക്കാണ് വൈരാഗ്യം ഉണ്ടാകുന്നത്. നിങ്ങൾക്കാണെങ്കിൽ വീട് ഉപേക്ഷിക്കേണ്ടതില്ല. ബാബയുടെ ഓർമ്മയിൽ ഇരുന്ന് ഈ പഴയ ശരീരം ഉപേക്ഷിച്ച് പോകണം. എല്ലാവരുടേയും കണക്ക് വഴക്കുകൾ ഇല്ലാതാവണം. പിന്നീട് വീട്ടിലേക്ക് പോകും. ഇത് കൽപ കൽപം സംഭവിക്കുന്നു. നിങ്ങളുടെ ബുദ്ധി അങ്ങു ദൂരെ ദൂരെ മുകളിലേക്ക് പോകുന്നു, അവരാണെങ്കിൽ നോക്കുന്നത് എവിടം വരെ സാഗരമുണ്ട്? സൂര്യ ചന്ദ്രനിൽ എന്താണ് ഉള്ളത്? മുമ്പ് ഇവരെല്ലാം ദേവതകളാണ് എന്നാണ് കരുതിയിരുന്നത്. നിങ്ങൾ പറയുന്നു ഇതെല്ലാം സ്റ്റേജിലേക്കുള്ള ലൈറ്റുകളാണ്. ഇവിടെയാണ് കളി നടക്കുന്നത്. അതിനാൽ ഈ വിളക്കുകളും ഇവിടെയാണ്. മൂലവതനത്തിലും സൂക്ഷ്മവതനത്തിലും ഇത് ഉണ്ടാവുകയില്ല. അവിടെ കളിയുമില്ല. ഈ അനാദിയായ കളി നടന്നുകൊണ്ടേയിരിക്കുന്നു. ചക്രം കറങ്ങിക്കൊണ്ടിരിക്കുന്നു, പ്രളയം ഉണ്ടാകുന്നില്ല. ഭാരതം അവിനാശിയായ ഖണ്ഢമാണ്. ഇതിൽ തീർച്ചയായും മനുഷ്യരുണ്ടാകും, ഒരിക്കലും ജലത്തിൽ മുങ്ങിപ്പോകില്ല. പക്ഷികളും മൃഗങ്ങളും എന്തെല്ലാമുണ്ടോ അവയെല്ലാം ഉണ്ടാകും. ബാക്കി ഏതെല്ലാം ഖണ്ഢങ്ങളുണ്ടോ അവ സത്യ ത്രേതായുഗങ്ങളിൽ ഉണ്ടാകില്ല. നിങ്ങൾ ദിവ്യദൃഷ്ടിയിൽ എന്തെല്ലാം കണ്ടോ അതെല്ലാം പ്രാക്ടിക്കലിൽ കാണും. പ്രാക്ടിക്കലിൽ നിങ്ങൾ വൈകുണ്ഠത്തിൽ ചെന്ന് രാജ്യം ഭരിക്കും. ഇതിനായി പുരുഷാർത്ഥം ചെയ്തു കൊണ്ടിരിക്കുന്നു, എന്നിട്ടും ബാബ പറയുന്നു ഓർമ്മിക്കുന്നതിൽ വളരെയധികം പരിശ്രമമുണ്ട്. മായ ഓർമ്മിക്കാൻ അനുവദിക്കില്ല. വളരെ സ്നേഹത്തോടെ ബാബയെ ഓർമ്മിക്കണം. അജ്ഞാനകാലത്തു പോലും വളരെ സ്നേഹത്തോടെ അച്ഛന്റെ മഹിമ പാടിയിരുന്നു. ഞങ്ങളുടെ ഭഗവാൻ ഇങ്ങ

നെയാണ്, ഇന്ന പദവിയിലാണ് എന്നൊക്കെ. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ സൃഷ്ടി ചക്രവുമുണ്ട്. എല്ലാ ധർമ്മങ്ങളുടേയും ജ്ഞാനമുണ്ട്. എങ്ങനെയാണോ അവിടെ ആത്മാക്കളുടെ വൃക്ഷമുള്ളത് അതുപോലെ ഇവിടെ മനുഷ്യസൃഷ്ടിയുടെ വൃക്ഷമുണ്ട്. ഗ്രേറ്റ് ഗ്രേറ്റ് ഗ്രാൻഡ്ഫാദർ ബ്രഹ്മാവാണ്. പിന്നീടാണ് നിങ്ങളുടെ ശാഖ. സൃഷ്ടി നടന്നു കൊണ്ടേയിരിക്കുമല്ലോ.

ബാബ മനസ്സിലാക്കിത്തരുന്നു– കുട്ടികളേ, നരനിൽ നിന്നും നാരായണനായി മാറണമെങ്കിൽ നിങ്ങൾ എന്താണോ പറയുന്നത് അതു തന്നെയാവണം നിങ്ങളുടെ കർമ്മം. ആദ്യം തന്റെ അവസ്ഥയെ നോക്കണം. ബാബാ ഞങ്ങൾ അങ്ങയിൽ നിന്നും മുഴുവൻ സമ്പത്തും എടുത്തിട്ടേ ഇരിക്കൂ, എങ്കിൽ പെരുമാറ്റവും അതിനനുസരിച്ചുള്ളതായിരിക്കണം. നരനിൽ നിന്നും നാരായണനായി മാറുന്നതിനുള്ള ഒരേയൊരു പഠിപ്പ് ഇതാണ്. ഇത് നിങ്ങളെ ബാബയാണ് പഠിപ്പിക്കുന്നത്. രാജാക്കന്മാരുടേയും രാജാവായി മാറുന്നത് നിങ്ങൾ തന്നെയാണ്, മറ്റൊരു ഖണ്ഢവും ഉണ്ടാകില്ല. നിങ്ങൾ പവിത്രമായ രാജാക്കന്മാരായി മാറുന്നു, പിന്നീട് പ്രകാശമില്ലാത്ത അപവിത്രമായ രാജാക്കന്മാർ പവിത്രമായ രാജാക്കന്മാരുടെ ക്ഷേത്രം നിർമ്മിച്ച് പൂജ ചെയ്യുന്നു. ഇപ്പോൾ നിങ്ങൾ പഠിക്കുകയാണ്. വിദ്യാർത്ഥികൾ എന്തുകൊണ്ടാണ് ടീച്ചറെ മറക്കുന്നത്! ബാബാ മായ മറപ്പിക്കുന്നു എന്ന് പറയുന്നു. ദോഷം പിന്നെ മായക്കാണ്. അല്ല, ഓർമ്മിക്കേണ്ടത് നിങ്ങളാണ്. മുഖ്യമായത് ഒരേയൊരു ടീച്ചറാണ്, ബാക്കി എല്ലാവരും സഹായികളായ ടീച്ചേഴ്സാണ്. അച്ഛനെ മറന്നുപോകുന്നു ശരി എങ്കിൽ ടീച്ചറെ ഓർമ്മിക്കൂ. നിങ്ങൾക്ക് 3 ചാൻസുകൾ നൽകിയിട്ടുണ്ട്. ഒരാളെ മറന്നാൽ അടുത്തയാളെ ഓർമ്മിക്കൂ. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യസാരം–**

1). ബാബയിൽ നിന്നും പൂർണ്ണ സമ്പത്ത് നേടുന്നതിനായി എന്താണോ പറയുന്നത് അതു തന്നെ ചെയ്യണം, ഇതിനുള്ള പുരുഷാർത്ഥം ചെയ്യണം. മോഹജീത്തായി മാറണം.

2) സദാ ഓർമ്മ വേണം നമ്മൾ ശാന്തിസാഗരന്റെ സന്താനങ്ങളാണ്, നമുക്ക് ശാന്തമായിരിക്കണം. വായിൽ നാണയം ഇടണം. തെറ്റുകൾ ചെയ്ത് തന്റെ സമയം വേസ്റ്റാക്കരുത്.

## വരദാനം– കൂട്ടായ്മയാകുന്ന കോട്ടയെ ശക്തമാക്കുന്ന സർവ്വരുടേയും സ്നേഹിയും സന്തുഷ്ടവുമായ ആത്മാവായി ഭവിക്കട്ടെ.

കൂട്ടായ്മയുടെ ശക്തി വിശേഷശക്തിയാണ്. ഏകമതത്തിലുള്ള കൂട്ടായ്മയുടെ കോട്ടയെ ആർക്കും ഇളക്കാനാവില്ല.എന്നാൽ ഇതിന്റെ ആധാരം പരസ്പരം സ്നേഹികളായി മാറി ഏവർക്കും ആദരവ് നൽകുകയും സ്വയം സന്തുഷ്ടമായി ഇരുന്നുകൊണ്ട് സർവരെയും സന്തുഷ്ടമാക്കുകയും ചെയ്യുക എന്നതാണ്.ആരും ഡിസ്റ്റർബ് ആവരുത്,ആരേയും ഡിസ്റ്റർബ് ചെയ്യാനും പാടില്ല.എല്ലാവരും പരസ്പരം ശുഭഭാവനയുടേയും ശുഭകാമനയുടേയും സഹയോഗം നൽകിക്കൊണ്ടിരിക്കുകയാണെങ്കിൽ കൂട്ടായ്മയുടെ കോട്ട ശക്തമായി മാറും.കൂട്ടായ്മയുടെ  ശക്തി തന്നെയാണ് വിജയത്തിന്റെ വിശേഷ ആധാരസ്വരൂപം.

## സ്ലോഗൻ:– എപ്പോഴാണോ ഓരോ കർമ്മവും യഥാർത്ഥവും യുക്തിയുക്തവുമാകുന്നത് അപ്പോൾ പറയാം പവിത്ര ആത്മാവ്.

**അവ്യക്തസൂചന– സങ്കൽപശക്തിയെ ശേഖരിച്ച് ശ്രേഷ്ഠസേവനങ്ങൾക്ക് നിമിത്തമായി മാറൂ.**
ഓരോ കുട്ടികളും അവനവനെ പ്രതി ഉൻമേഷത്തിന്റെ നല്ല നല്ല സങ്കൽപങ്ങൾ ചെയ്യണം. ഇനി ഇങ്ങനെ ചെയ്യണം,ഇത്ചെയ്യണം,എന്തായാലും ചെയ്യണം,ചെയ്ത് കാണിക്കും ഇങ്ങിനെയുള്ള ശ്രേഷ്ഠസങ്കൽപങ്ങളുടെ വിത്ത് വിതച്ച്,ആ സങ്കൽപത്തെ അഥവാ ബീജത്തെ പ്രാക്ടിക്കലിലേക്ക് കൊണ്ടുവരാനുള്ള പാലന നൽകിക്കൊണ്ടിരിക്കുകയാണെങ്കിൽ ആ വിത്ത് ഫലസ്വരൂപമായി മാറുകതന്നെ ചെയ്യും.